**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3932** **27-10-2021 - ൽ മറുപടിയ്ക്ക്**

**ആർ.സി.സി. ജീവനക്കാർക്കുള്ള പെൻഷൻ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർ.സി.സി. യിൽ പെൻഷൻ സ്കീം നടപ്പിലാക്കിയത് എന്ന് മുതലാണെന്നും എത്ര ജീവനക്കാരാണ് പെൻഷൻ സ്കീമിൽ അംഗങ്ങളായി ചേർന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | സ.ഉ (കൈ) നം.411/2013/ആ.കു.വ തീയതി 09/10/2013 എന്ന സർക്കാർ ഉത്തരവ് പ്രകാരം 5/09/2014 മുതലാണ് ആർ.സി.സി യിൽ പെൻഷൻ സ്കീം നടപ്പിലാക്കിയത്. സ്കീമിൽ നിലവിൽ 553 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (ബി) | മുഴുവൻ ജീവനക്കാരും അംഗമായി ചേരണമെന്ന നിയമം നിലവിലുണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | നിലവിൽ എത്രപേരാണ് പെൻഷൻ സ്കീമിൽ അംഗങ്ങളാകാത്തതെന്ന് അറിയിക്കാമോ; | (സി) | ആർ.സി.സി യുടെ പെൻഷൻ സ്കീമിന് അർഹതയുള്ള 376 റെഗുലർ ജീവനക്കാർ നിലവിൽ ആർ.സി.സി എംപ്ലോയീസ് പെൻഷൻ സ്കീമിൽ അംഗങ്ങളായിട്ടില്ല. |
| (ഡി) | പെൻഷൻ സ്കീമിൽ അംഗമായിട്ടുള്ളവർക്ക് പെൻഷൻ നൽകുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ആർ.സി.സി എംപ്ലോയീസ് പെൻഷൻ സ്കീം റൂൾസ് അനുസരിച്ച് അർഹതപ്പെട്ട സേവന കാലയളവ്, അവസാനം കൈപ്പറ്റിയ അടിസ്ഥാന ശമ്പളം, പെൻഷൻസ് സ്കീമിലേക്ക് വിഹിതമായി അടച്ച തുക എന്നിവ അടിസ്ഥാനമാക്കിയാണ് പെൻഷൻ കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ